# Telephone conversation between PM and Prime Minister of the Socialist Republic of Vietnam

April 13, 2020

# പ്രധാനമന്ത്രിയും സോഷ്യൽ റിപബ്ലിക് വിയറ്റ്നാമിലെ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 13, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി വിയറ്റ്നാം സോഷ്യലിസ്റ്റ് റിപബ്ലിക് പ്രധാനമന്ത്രി ശ്രീ ന്യൂവാൻ ഷ്വാൻ ഫുക്കുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. കോവിഡ്-19 പകർച്ചവ്യാധിയെ തുടർന്നുള്ള സാഹചര്യങ്ങളും ഈ വെല്ലുവിളിയെ നേരിടാനായി സ്വീകരിച്ച നടപടികളും ഇരു നേതാക്കളും ചർച്ച ചെയ്തു.

അവശ്യ വസ്തുക്കളും , ആവശ്യമായ വൈദ്യ ഉപകരണങ്ങളും വിതരണം ചെയ്യുന്നതുൾപ്പടെ കോവിഡ്-19 നെതിരെ പോരാടുന്നതിലെ ഉഭയ ബന്ധങ്ങളിലെ സഹകരണത്തിന്റെ സാധ്യതയെ നേതാക്കൾ അംഗീകരിയിച്ചു. തങ്ങളുടെ പ്രവിശ്യകളിൽ ഉള്ള പൗരന്മാർക്കും ആവശ്യമായ പിന്തുണ നൽകുന്നതിനും അവർ സമ്മതിച്ചു.
ഇന്ത്യയും വിയറ്റ്നാമും തമ്മിലുള്ള നയതന്ത്ര പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെ ഇരു നേതാക്കളും ഊന്നി പറയുകയുണ്ടായി കൂടാതെ വിവിധ മേഖലകളിൽ അടുത്തിടെയുണ്ടായ പുരോഗതിയിൽ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. അവർ പ്രാദേശികവും അന്തർരാഷ്ട്രീയവുമായ വികസനങ്ങളും വിലയിരുത്തി.

പകർച്ചവ്യാധി പ്രതികരണ നടപടികളും അതുപോലെ തന്നെ ഉഭയകക്ഷി ബന്ധങ്ങളുടെ മറ്റു വശങ്ങളും ഏകോപിപ്പിക്കുന്നതിന് വരും ദിവസങ്ങളിൽ അതാതു രാജ്യങ്ങളിലെ സംഘങ്ങൾ തമ്മിൽ സമ്പർക്കത്തിൽ തുടരുമെന്ന് ഇരു നേതാക്കളും അംഗീകരിച്ചു.

നിലവിലെ പ്രതിസന്ധിയിൽ വിയറ്റ്നാം ജനതയുടെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും പ്രധാനമന്ത്രി ആശംസകൾ അറിയിച്ചു.

**ന്യൂ ഡൽഹി**
**13 ഏപ്രിൽ, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**